പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1356 — 08.02.2013 ൽ - മറുപടിക്ക്

## പുതിയ റേഷൻ കാർഡ് സമയബന്ധിതമായി നൽകൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മതിയായ രേഖകളുമായി എത്തുന്നവർക്ക് അപേക്ഷിക്കുന്ന ദിവസം തന്നെ റേഷൻകാർഡ് ലഭ്യമാക്കണമെന്നും, അതിന് കഴിഞ്ഞില്ലെങ്കിൽ കാരണം അപേക്ഷകനെഅറിയിക്കണമെന്നുമുള്ള പ്രഖ്യാപിത നയം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | കൊല്ലം ജില്ലയിലെ വിവിധ താലൂക്ക് സപ്ലൈ ഓഫീസുകളിൽ പ്രസ്തുത കാലയളവിൽ എത്ര അപേക്ഷകൾ കുടിശ്ശികയുണ്ട് ; | (ബി) | 106 അപേക്ഷകൾ കുടിശ്ശികയുണ്ട്. |
| (സി) | കൊല്ലം താലൂക്കിൽ റേഷൻ കാർഡിനുള്ള എത്ര അപേക്ഷകളിന്മേൽ ഇനിയും നടപടി സ്വീകരിക്കാനുണ്ടെന്ന് അറിയിക്കുമോ ; | (സി) | കൊല്ലം താലൂക്കിൽ 04.02.13 വരെ പുതിയ റേഷൻകാർഡിനുളള എല്ലാ സാധുവായ അപേക്ഷകളിന്മേലും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| (ഡി) | കൊല്ലം താലൂക്കിൽ 2012 ഡിസംബർ മാസം മുതൽ 2013 ജനുവരി 25 വരെ ലഭിച്ച അപേക്ഷകളിന്മേൽ സാധുവായ എത്ര അപേക്ഷകൾക്ക് അപേക്ഷ, ദിവസം തന്നെ റേഷൻകാർഡ് നൽകിയിട്ടുണ്ട് ; | (ഡി) | കൊല്ലം താലൂക്കിൽ 2012 ഡിസംബർ മാസം മുതൽ 2013 ജനുവരി 25 വരെ ലഭിച്ച 1222 അപേക്ഷകളിന്മേൽ സാധുവായ 750 അപേക്ഷകൾക്ക് അപേക്ഷ ദിവസം തന്നെ റേഷൻകാർഡ് നൽകിയിട്ടുണ്ട്. |
| (ഇ) | ശേഷിച്ച അപേക്ഷകർക്ക് ഏതു ദിവസം റേഷൻ കാർഡ് നൽകുമെന്ന ടോക്കൺ ആണ് നൽകിയിട്ടുള്ളത് ; | (ഇ) | ശേഷിച്ച അപേക്ഷകൾക്കുള്ള കാർഡുകൾ 22.02.13, 08.03.13 എന്നീ തീയതികളിൽ നൽകുമെന്നാണ് ടോക്കൺ നൽകിയിട്ടുളളതെങ്കിലും ടി അപേക്ഷകൾ തീർപ്പു കൽപ്പിച്ച് കാർഡുകൾ തയ്യാറാക്കി 04.02.13 മുതൽ വിതരണം ചെയ്യുന്ന വിവരം എല്ലാ ദിനപത്രങ്ങളിലും നൽകിയിട്ടുണ്ട്. |
| (എഫ്) | കൊല്ലം ജില്ലയിൽ പുതിയ റേഷൻ കാർഡ് സമയബന്ധിതമായി ലഭിക്കുന്നതിന് ഇടനിലക്കാർ മുഖേന ഉദ്യോഗസ്ഥരെ സ്വാധീനിക്കുകയും, തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുവാൻ സന്നദ്ധമാകുമോ? | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങൾ ഇടനിലക്കാരുടെ സ്വാധീനത്തിൽപ്പെടാതിരിക്കാൻ ആവശ്യമായ ബോധവൽക്കരണവും മാർഗ്ഗനിർദ്ദേശവും നൽകുന്നുണ്ട്. സേവനാവകാശ നിയമം 2012 പ്രകാരം അപേക്ഷ തീയതിയിൽ തന്നെ പുതിയ റേഷൻകാർഡുകൾ അനുവദിക്കാൻ നിഷ്കർഷിച്ചു സിവിൽ സപ്ലൈസ് വകുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ